<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3307**</u> <u>**11-03-2025 - ൽ മറുപടിയ്ക്ക്**</u>

<u>**തോട്ടം തൊഴിലാളികൾക്കായുള്ള ക്ഷേമനടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | 2013 എസ്റ്റേറ്റ് തൊഴിലാളി ദുരിതാശ്വാസ പദ്ധതി പ്രകാരം, കേരളത്തിൽ പ്രവർത്തിക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾ മരണപ്പെടുമ്പോൾ അവരുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 1 ലക്ഷം രൂപ വീതം വിതരണം ചെയ്തു വരുന്നു. പ്രസ്തുത ധനസഹായമായി നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. |

| 2013 എസ്റ്റേറ്റ് തൊഴിലാളി ദുരിതാശ്വാസ പദ്ധതി | |
|---|---|
| 2022-2023 | 96,25,000/- |
| 2023-2024 | 1,10,00,000/- |
| 2024-2025 | 49,00,000/- |

പീരുമേട് താലൂക്കിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഇടുക്കി പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന ധനസഹായം അനുവദിക്കുന്നു. 2022-2023 സാമ്പത്തിക വർഷം 46,30,000/- രൂപയും, 2023-24 സാമ്പത്തിക വർഷം 20,86,627/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് ഓണക്കിറ്റും ഒരു തൊഴിലാളിക്ക് 2000/- രൂപ നിരക്കിൽ എക്സ്ഗ്രേഷ്യയും അനുവദിച്ചു വരുന്നു. വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| എക്സ്ഗ്രേഷ്യാ | |
|---|---|
| 2022-2023 | 48,28,000/- |
| 2023-2024 | 45,36,000/- |
| 2024-2025 | 45,04,000/- |

<table>
<tr><td></td><td></td><td></td><td><table><tr><th colspan="2">ഓണക്കിറ്റ്</th></tr><tr><td>2022-2023</td><td>17,25,923/-</td></tr><tr><td>2023-2024</td><td>19,03,042/-</td></tr><tr><td>2024-2025</td><td>19,23,953</td></tr></table></td></tr>
<tr><td>(ബി)</td><td>തോട്ടം തൊഴിലാളികളുടെ ലയങ്ങൾ പുനർനിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ ഇരുപത് കോടി രൂപ അനുവദിച്ചിരുന്നതിൽ തുടർപ്രവർത്തനങ്ങൾ വിശദമാക്കാമോ;</td><td>(ബി)</td><td>തോട്ടം മേഖലയിലെ തൊഴിലാളികളുടെ ലയങ്ങൾ നവീകരിക്കുന്ന പദ്ധതികൾക്കായി 2024-2025 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്ന 10 കോടി രൂപ വ്യവസായ വകുപ്പിനാണ് അനുവദിച്ചത്. പ്രസ്തുത തുക അഡീഷണൽ ഓതറൈസേഷൻ മുഖേന പ്ലാന്റേഷൻ ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷം പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി പദ്ധതി വിഹിതം വകയിരുത്തിയിരിക്കുന്നത് 2407-60-001-99-34-3-പി.വി. എന്ന റവന്യൂ ശീർഷകത്തിലായതിനാൽ ബോണക്കാട് എസ്റ്റേറ്റിന്റെ 50 യൂണിറ്റുകൾ ഉൾപ്പെടുന്ന ജി.ബി.ഡിവിഷൻ, 30 യൂണിറ്റുകൾ ഉൾപ്പെടുന്ന ടോപ്പ് ഡിവിഷൻ എന്നീ ലയങ്ങളുടെ പുന:രുദ്ധാരണ പ്രവൃത്തികൾ നിർമ്മിതി കേന്ദ്രം വഴി നടത്തുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ അധിക ധനാനുമതിയിലൂടെ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ ലേബർ കമ്മീഷണർ തലത്തിൽ സ്വീകരിച്ചു വരുന്നു.<br><br>തൊഴിലാളികളുടെ ലയങ്ങൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു പദ്ധതിയുടെ കരട് മാർഗ്ഗരേഖ തയ്യാറാക്കി പ്ലാന്റേഷൻ ഡയറക്ടറേറ്റ്, വ്യവസായ വകുപ്പിന് സമർപ്പിക്കുകയും Assistance for the construction and Renovation of Labour Housing (Layams) in plantations എന്ന പദ്ധതിയ്ക്ക് 10 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകുകയും മാർഗ്ഗരേഖ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്ലാന്റേഷൻ ഉടമ ലയങ്ങളിലെ നിർമ്മാണമോ നവീകരണമോ നടത്തുന്ന സാഹചര്യത്തിൽ ആകെ ചെലവാകുന്ന തുകയുടെ 30% (നവീകരണത്തിന് പരമാവധി 50,000/- രൂപ വരെയും പുതിയ നിർമ്മാണത്തിന് പരമാവധി 2,00,000/- രൂപ വരെയും) സബ്സിഡിയായി അനുവദിക്കും. നവീകരണ പ്രവർത്തനങ്ങളിൽ മേൽക്കൂര മാറ്റുക, തറ</td></tr>
</table>

| | | | |
|---|---|---|---|
| | | | ശരിയാക്കുന്ന പ്രവൃത്തികൾ, വൈദ്യുതീകരണം പുതുക്കൽ, ചുവരുകൾ മുഴുവനായി പ്ലാസ്റ്ററിംഗ് ചെയ്യുന്നത്, അധികമായി മുറി ചെയ്യുന്നത്, ശുചി മുറികളുടെയും മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളുടെയും പ്രവൃത്തികൾ, പോർട്ടബിൾ ജലവിതരണ സംവിധാനം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ജില്ലാ പ്ലാന്റേഷൻ ഓഫീസുകൾ വഴി പദ്ധതിയിലേയ്ക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പീരുമേട് മണ്ഡലത്തിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | പീരുമേട് താലൂക്കിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി ഇടുക്കി ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. പ്രസ്തുത തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം തുടങ്ങി വിവിധ ധനസഹായങ്ങൾ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ അംഗീകാരത്തോടു കൂടി നൽകി വരുന്നു. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ലയങ്ങളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുള്ളതും, ആയതിനുള്ള വൈദ്യുതി ചാർജ്ജ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന ഒടുക്കി വരുന്നതുമാണ്. കൂടാതെ ഓണത്തോടനുബന്ധിച്ച് 2,000/- രൂപ വീതം 1769 തൊഴിലാളികൾക്ക് 35,38,000/- രൂപ എക്സ്ഗ്രേഷ്യയും, 1326 സൗജന്യ ഓണക്കിറ്റുകളും തൊഴിലാളികൾക്ക് വിതരണം ചെയ്യുകയുണ്ടായി. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ആനുകൂല്യ കുടിശ്ശിക വിതരണവുമായി ബന്ധപ്പെട്ട് ബഹു.സുപ്രീം കോടതി മുൻപാകെയുള്ള കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ മാനേജ്മെന്റ് തുക കെട്ടിവച്ചിട്ടുള്ളതും, സർക്കാർ നിക്ഷേപിച്ചിട്ടുള്ളതുമായ തുക വിതരണം ചെയ്തു വരികയാണ്. |

സെക്ഷൻ ഓഫീസർ